XII. ചട്ടം 275 അനുസരിച്ചുള്ള ഉപക്ഷേപം

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ)*: സർ, ഞാൻ ചട്ടം 275 അനുസരിച്ചുള്ള ഉപക്ഷേപം അവതരിപ്പിക്കുന്നു.

"കേരള വികസനത്തിന് ഭാവനാസമ്പൂർണ്ണമായ കർമ്മ പരിപാടികൾ നിർദ്ദേശിച്ച രാഷ്ട്രപതിയോട് ഈ സഭ നന്ദി രേഖപ്പെടുത്തുന്നു.

സംസ്ഥാന വികസനത്തിന് രാഷ്ട്രപതി അവതരിപ്പിച്ച 10 ഇന കർമ്മ പരിപാടികളും കേരളത്തിന്റെ പ്രത്യേക സാഹചര്യത്തിൽ മുഖ്യപ്പെടുത്തിയ മുന്നിന പരിപാടികളും കേരള വികസന അജണ്ടയായി ഈ സഭ കാണുന്നു.

ഈ നൂറ്റാണ്ടിന്റെ നേതൃത്വത്തിലേക്ക് സംസ്ഥാനത്തെ ഉയർത്തിക്കൊണ്ടുവരാൻ നാം പ്രതിജ്ഞാബദ്ധരാണ്.

ഈ വികസന അജണ്ട പ്രാവർത്തികമാക്കാൻ കേരളത്തിലെ മുഴുവൻ ജനങ്ങളും ഒന്നിച്ച് കൈകോർത്ത് ഒരു പുത്തൻ പ്രവർത്തന ശൈലിയുമായി മുന്നേറുവാൻ ഈ സഭ അഭ്യർത്ഥിക്കുന്നു."

ഡോ. തോമസ് ഐസക് : സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

ഉപക്ഷേപത്തിലെ രണ്ടാമത്തെ ഖണ്ഡിക താഴെപ്പറയുന്ന പ്രകാരം ഭേദഗതി ചെയ്യുക.

"സംസ്ഥാന വികസനത്തിന് രാഷ്ട്രപതി അവതരിപ്പിച്ച പത്തിന കർമ്മ പരിപാടികളും കേരളത്തിന്റെ സമഗ്ര വികസനത്തിന് അത്യന്താപേക്ഷിതമായ കാർഷികവികസനം, പരമ്പരാഗത വ്യവസായ സംരക്ഷണം, പൊതുമേഖലാ പുനരുദ്ധാരണം, ദാരിദ്ര്യനിർമ്മാർജ്ജനം, അധികാരവികേന്ദ്രീകരണം, പരിസ്ഥിതി സംരക്ഷണം എന്നിവ കൂടി ചേർത്ത് ഒരു വികസന അജണ്ടയായി ഈ സഭ കാണുന്നു".

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

ഒന്നാമത്തെ വാചകം തുടക്കത്തിൽ താഴെപ്പറയുന്ന പ്രകാരം ചേർക്കുക.

"50 മാസത്തെ യു. ഡി. എഫ്. ഭരണം വികസന മേഖലയിൽ സമ്പൂർണ്ണമായി പരാജയപ്പെട്ടതിന്റെ ഫലമായി കേരള വികസനത്തിന് ഭാവനാ സമ്പൂർണ്ണമായ കർമ്മ പരിപാടികൾ നിർദ്ദേശിച്ച രാഷ്ട്രപതിയോട് ഈ സഭ നന്ദി രേഖപ്പെടുത്തുന്നു." ഈ പ്രമേയമെങ്കിലും നമുക്ക് യോജിച്ച ഒരു പ്രമേയമാക്കാൻ കഴിയേണ്ടതായിരുന്നു. മുൻകൂട്ടി ചർച്ച നടത്തി അതിനെത്തിൽ ഒന്ന് ഉണ്ടാക്കാൻ സാധിച്ചില്ല. അത് വളരെ ദുഃഖകരമായ സ്ഥിതിയാണ്. തീരുമാനിച്ച് രണ്ടുമൂന്ന് ദിവസം മുമ്പ് ധാരണയിലെത്തി യോജിച്ച പ്രമേയം ആക്കാമായിരുന്നു. അത് സാധിച്ചില്ല. അര മണിക്കൂർ മുമ്പാണ് വന്ന് സംസാരിച്ചത്. ഞങ്ങൾ അത് സംബന്ധിച്ച് വിയോജിപ്പ് പ്രകടിപ്പിച്ചു. മുൻകൂട്ടി സംസാരിച്ച് ഇത് യോജിച്ച പ്രമേയം ആക്കാമായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

ഉപക്ഷേപത്തിലെ ആദ്യഭാഗത്ത് താഴെപ്പറയുന്ന പ്രകാരം ചേർക്കുക.

"പരമ്പരാഗത വ്യവസായ മേഖലയിലും കാർഷിക മേഖലയിലും വമ്പിച്ച തകർച്ച നേരിടുന്ന സംസ്ഥാനത്ത് ജനജീവിതം കൂടുതൽ ദുരിതപൂർണ്ണമായി തീർന്നിട്ടുള്ള സാഹചര്യത്തിൽ".

ശ്രീ. എം. വി. ജയരാജൻ : സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

ഉപക്ഷേപത്തിലെ രണ്ടാമത്തെ പാരഗ്രാഫിനുശേഷം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക.

"13 ഇന പരിപാടികൾ നടപ്പാക്കാനാവശ്യമായ ഫണ്ട് സംസ്ഥാന സർക്കാർ കണ്ടെത്തുന്നതും സമയബന്ധിതമായി പൂർത്തീകരിക്കുന്നതുമാണ്. പദ്ധതികൾ തയ്യാറാക്കുന്നതിനും മേൽനോട്ടത്തിനും പരിശോധനയ്ക്കുമായി ഫലപ്രദമായ സംവിധാനം ഉണ്ടാക്കുകയും ചെയ്യുന്നതാണ്." ഇവിടെ ഏറെ ചർച്ചകൾക്ക് വിഷയമായതാണ് ഫണ്ട് എവിടെ എന്ന ചോദ്യം. ആ ഭാഗമാണ് ഞാൻ ഭേദഗതി ചെയ്യുന്നത്.

ശ്രീ. ബിനോയ് വിശ്വം : സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

ഉപക്ഷേപത്തിലെ ഒന്നാമത്തെ പാരഗ്രാഫ് താഴെക്കാണുന്ന വിധം ഭേദഗതി ചെയ്യുക.

"കേരളത്തിന്റെ പൊതു ആരോഗ്യത്തിന്റേയും വിദ്യാഭ്യാസത്തിന്റേയും മേഖലകൾ നേരിടുന്ന പ്രതിസന്ധികളുടെ പശ്ചാത്തലത്തിൽ സംസ്ഥാന വികസനത്തിന് മേൽനോട്ടം വഹിക്കുന്ന കർമ്മ പരിപാടികൾ നിർദ്ദേശിച്ച രാഷ്ട്രപതിയോട് ഈ സഭ നന്ദി രേഖപ്പെടുത്തുന്നു."

രാഷ്ട്രപതി വിദ്യാഭ്യാസത്തിന്റേയും ആരോഗ്യരംഗത്തേയും പ്രശ്നങ്ങളെപ്പറ്റി ഉൽകണ്ഠപ്പെടുകയുണ്ടായത് നമ്മൾ കേട്ടു. അതുകൊണ്ട് ഞാൻ എന്റെ ഭേദഗതി മൂവ് ചെയ്യുന്നു.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ)* : ഇതൊരു യോജിച്ച പ്രമേയമാക്കുന്നതിന് ഒരുപാട് പരിശ്രമങ്ങൾ നടന്നിട്ടുണ്ട്. അത് ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണനും അറിയാം. പക്ഷേ അങ്ങ് നേരത്തെ പറഞ്ഞതൊക്കെ കുറച്ച് ശരിയാണ്. രണ്ടുമൂന്ന് ദിവസം മുമ്പ് നന്നേ എന്ന് പറഞ്ഞില്ല, ആരും അങ്ങനെ അവകാശപ്പെട്ടുമില്ല. പക്ഷേ ഒരു ശ്രമവും നടത്തിയില്ല എന്ന് പറയുന്നത് ശരിയല്ല. ഞാൻ തന്നെ വ്യക്തമായി സംസാരിച്ച് ഒരു യോജിച്ച പ്രമേയമാക്കാൻ ശ്രമിച്ചതാണ്. ഇപ്പോൾ ഇത് യോജിച്ച പ്രമേയമാക്കാൻ പറ്റുമോ എന്നാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. നേരത്തെ പറഞ്ഞതുപോലെ ഒരു യോജിച്ച പ്രമേയമാക്കണമെന്നുണ്ടെങ്കിൽ എല്ലാവർക്കും യോജിക്കാൻ പറ്റുന്ന രൂപത്തിൽ വേണം. അതിൽ ഡോ. തോമസ് ഐസക്

LIBRARY ARCHIVES Kerala Legislative Assembly

പാർലമെന്ററി പാർട്ടിയുടെ സെക്രട്ടറി എന്ന നിലയിൽ പറഞ്ഞിട്ടുള്ള ചില കാര്യങ്ങൾ നമുക്ക് ചേർക്കാം. അദ്ദേഹം പറഞ്ഞിട്ടുള്ളതിൽ കാർഷിക വികസനത്തെക്കുറിച്ച് കർമ്മ പരിപാടിയിൽ പറയുന്നുണ്ട്. പാരമ്പര്യ വ്യവസായ സംരക്ഷണം, പൊതുമേഖലാ പുനരുദ്ധാരണം, അധികാര വികേന്ദ്രീകരണം, പരിസ്ഥിതി സംരക്ഷണം എന്ന് അഞ്ച് പറഞ്ഞിട്ടുള്ള കാര്യങ്ങൾകൂടി ഉൾക്കൊള്ളിച്ചുകൊണ്ട് നമുക്ക് പ്രമേയം ഒന്നിച്ച് ഉൾക്കൊള്ളുന്ന രൂപത്തിൽ ഒന്നുകൂടി വായിക്കാം. രണ്ടാമത്തെ പാരഗ്രാഫിൽ സംസ്ഥാന വികസനത്തിന് രാഷ്ട്രപതി അവതരിപ്പിച്ച "പത്തിന കർമ്മ പരിപാടികളും കേരളത്തിന്റെ പ്രത്യേക സാഹചര്യത്തിൽ രൂപപ്പെടുത്തിയ മുന്നിന പരിപാടികളും" എന്നതിനുശേഷം താഴെക്കാണുന്ന വിധം മാറ്റണ്ടതാണ്. ആ മുന്നിന പരിപാടികളിൽ കാർഷിക വികസനം പറഞ്ഞിട്ടുണ്ട്. അതോടൊപ്പംതന്നെ പരമ്പരാഗത വ്യവസായങ്ങളുടെ വികസനത്തെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. ഈ പറയുന്ന പ്രോഗ്രാമുകളുടെയെല്ലാം ലക്ഷ്യം ദാരിദ്ര്യ ഉച്ചാടനം തന്നെയാണ്. അതുകൊണ്ടാണ് പെർക്യാപിറ്റ ഡബിൾ ആക്കുന്നതിന് പരിശ്രമം നടത്തണമെന്ന് പറഞ്ഞത്. അതിന്റെ മെയിൻ തീമും മെസേജും ദാരിദ്ര്യ ഉച്ചാടനം തന്നെയാണ്. അതോടൊപ്പം രൂപപ്പെടുത്തിയ മൂന്ന് പരിപാടികളും ഇതിൽ ചേർക്കുന്നു. "സംസ്ഥാന വികസനത്തിന് രാഷ്ട്രപതി അവതരിപ്പിച്ച 10 ഇന കർമ്മ പരിപാടികളും കേരളത്തിന്റെ പ്രത്യേക സാഹചര്യത്തിൽ രൂപപ്പെടുത്തിയ മുന്നിന പരിപാടികളും പൊതുമേഖലാ പുനരുദ്ധാരണം, അധികാര വികേന്ദ്രീകരണം, പരിസ്ഥിതി സംരക്ഷണം, പരമ്പരാഗത വ്യവസായ സംരക്ഷം എന്നീ കർമ്മ പരിപാടികളും കൂട്ടിച്ചേർത്ത് കേരള വികസന അജണ്ടയായി ഈ സഭ കാണുന്നു." ഈ അമെന്റ്മെന്റ് ഗവൺമെന്റ് അംഗീകരിക്കാൻ ഒരുക്കമാണ്. ഇത് അംഗീകരിച്ച് ഏകകണ്ഠമായി പാസ്സാക്കുന്നതിന് അന്തരീക്ഷം ഉണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. കൊടിയേരി ബാലകൃഷ്ണൻ : ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞ രീതിയോടെ രണ്ടാമത്തെ ഖണ്ഡിക നമുക്ക് അംഗീകരിക്കാം. ഒന്നാമത്തെ ഖണ്ഡികയിൽ ഞാൻ നിർദ്ദേശിച്ച രീതിയിൽ ഉറച്ച് നിൽക്കുന്നു.

മി. സ്പീക്കർ : ഇതിൽ ഒരംഗത്തിന് അവതരിപ്പിക്കാനുള്ള പ്രമേയത്തെ കുറിച്ചോ മറ്റംഗങ്ങൾക്ക് കൊണ്ടുവരാനുള്ള രീതിയെക്കുറിച്ചോ ചെയർ ഇടപെടുന്നില്ല. പക്ഷേ കുറേക്കൂടി യാഥാർത്ഥ്യബോധത്തോടുകൂടിയുള്ള കാഴ്ചപ്പാട് ഈ കാര്യത്തിൽ ഉണ്ടാകേണ്ടതാണ് എന്നതാണ് ചെയറിന്റെ അഭിപ്രായം.

ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ : ഗവൺമെന്റ് കൊണ്ടുവന്ന പ്രമേയത്തെ ഞാൻ എടുക്കുകയാണ്. ഒരു കോംപ്രമൈസ് ആണ് വോട്ട് ഇല്ല എന്നു വരികിൽ ഡോ. തോമസ് ഐസക്കിന്റെ കൂടി എടുക്കുകയാണ്. അതെല്ലെങ്കിൽ ഇവിടെ അവതരിപ്പിച്ച് സർക്കുലേറ്റ് ചെയ്തിട്ടുള്ള പ്രമേയം വോട്ടിനിടാവുന്നതാണ്.

മി. സ്പീക്കർ: .....(ബഹളം)..... ഇനി പ്രസംഗമില്ല.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ)* സർ, ഡോ. തോമസ് ഐസക് .....(ബഹളം).....

LIBRARY ARCHIVES Kerala Legislative Assembly

അവതരിപ്പിച്ച അമെന്റ്മെന്റിൽ, ചില ഭാഗങ്ങൾ ഉൾപ്പെടുത്തി രണ്ടാമത്തെ പാരഗ്രാഫ് താഴെക്കാണുംവിധം മാറ്റേണ്ടതാണ്.

"സംസ്ഥാന വികസനത്തിന് രാഷ്ട്രപതി അവതരിപ്പിച്ച 10 ഇന കർമ്മ പരിപാടികളും കേരളത്തിന്റെ പ്രത്യേക സാഹചര്യത്തിൽ രൂപപ്പെടുത്തിയ മുന്നിന പരിപാടികളും പരമ്പരാഗത വ്യവസായ സംരക്ഷണം, പൊതുമേഖല പുനരുദ്ധാരണം, അധികാര വികേന്ദ്രീകരണം, പരിസ്ഥിതി സംരക്ഷണം എന്നീ കർമ്മ പരിപാടികളും ചേർത്ത് കേരള വികസന അജണ്ടയായി ഈ സഭ കാണുന്നു".

ഇത് അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ഡോ. തോമസ് ഐസക്ക് അവതരിപ്പിച്ച ഭേദഗതി ഭാഗികമായി അംഗീകരിച്ചിരിക്കുന്നു. ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഞാൻ അവതരിപ്പിച്ചതും ശ്രീ. കെ. പി. രാജേന്ദ്രൻ, ശ്രീ. എം. വി. ജയരാജൻ, ശ്രീ. ബിനോയ് വിശ്വം എന്നീ അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികൾ പ്രസ് ചെയ്യുകയും, പോൾ ആവശ്യപ്പെടുകയും ചെയ്യുന്നു.

(സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ—35

1.	ശ്രീ.	വി. എസ്. അച്ചുതാനന്ദൻ
2.	,,	മഞ്ഞളാംകുഴി അലി
3.	,,	എ. എ. അസീസ്
4.	,,	കോടിയേരി ബാലകൃഷ്ണൻ
5.	,,	ബിനോയ് വിശ്വം
6.	,,	വി. കെ. ചന്ദ്രൻ
7.	,,	വി. ചെന്താമരാക്ഷൻ
8.	,,	ടി. കെ. ദേവകുമാർ
9.	,,	പി. സി. ജോർജ്
10.	ശ്രീമതി	ഗിരിജാ സുരേന്ദ്രൻ
11.	ശ്രീ.	കെ. കെ. ജയചന്ദ്രൻ
12.	,,	എം. വി. ജയരാജൻ
13.	,,	ജോണി നെല്ലൂർ
14.	,,	പി. ജയരാജൻ

LIBRARY ARCHIVES Kerala Legislative Assembly

15. ശ്രീ. എം. കുമാരൻ
16. ,, കെ. വി. കുഞ്ഞിരാമൻ
17. ,, വി. കെ. സി. മമ്മത്കോയ
18. ,, മത്തായി ചാക്കോ
19. ,, കെ. പി. മോഹനൻ
20. ,, എ. സി. മൊയ്തീൻ
21. ,, പിരപ്പൻകോട് മുരളി
22. ,, സി. കെ. നാണു
23. ,, പി. നാരായണൻ
24. ,, എം. പ്രകാശൻ മാസ്റ്റർ
25. ,, കെ. മധുകൃഷ്ണൻ
26. ,, എൻ. രാജൻ
27. ,, കെ. പി. രാജേന്ദ്രൻ
28. ,, രാജു എബ്രഹാം
29. ,, ടി. പി. രാമകൃഷ്ണൻ
30. ,, സാജു പോൾ
31. ,, കെ. പി. സതീശ് ചന്ദ്രൻ
32. ,, എ. സി. ഷണ്മുഖദാസ്
33. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ
34. ശ്രീ. പി. എസ്. സുപാൽ
35. ഡോ. തോമസ് ഐസക്

പ്രതികുലിക്കുന്നവർ -55

1. ശ്രീ. ചെർക്കളം അബ്ദുള്ള
2. ,, കളത്തിൽ അബ്ദുള്ള
3. ,, പി. കെ. അബ്ദുറബ്ബ്
4. ,, കെ. അച്ചുതൻ
5. ,, സി. ടി. അഹമ്മദ് അലി
6. ,, ഇ. എം. അഗസ്തി

LIBRARY ARCHIVES Kerala Legislative Assembly

7.	ശ്രീ.	ബാബു ദിവാകരൻ
8.	,,	പി. കെ. കെ. ബാവ
9.	,,	കെ. എ. ചന്ദ്രൻ
10.	,,	ഡൊമിനിക് പ്രസന്റേഷൻ
11.	,,	പി. പി. ജോർജ്
12.	ശ്രീമതി	കെ. ആർ. ഗൗരിയമ്മ
13.	ശ്രീ.	എം. എം. ഹസ്സൻ
14.	,,	വി. കെ. ഇബ്രാഹിം കുഞ്ഞ്
15.	,,	കെ. സി. ജോസഫ്
16.	,,	പി. ജെ. ജോയി
17.	,,	ഉമ്മൻ ചാണ്ടി
18.	,,	എം. കെ. പോൾസൺ മാസ്റ്റർ
19.	,,	വി. ജെ. പൗലോസ്
20.	,,	അടൂർ പ്രകാശ്
21.	,,	ടി. എൻ. പ്രതാപൻ
22.	,,	ജി. പ്രതാപവർമ്മ തമ്പാൻ
23.	,,	വക്കം പുരുഷോത്തമൻ
24.	,,	തിരുവഞ്ചൂർ രാധാകൃഷ്ണൻ
25.	,,	ടി. യു. രാധാകൃഷ്ണൻ
26.	,,	എം. വി. രാഘവൻ
27.	,,	വർക്കല കഹാർ
28.	,,	ജി. കാർത്തികേയൻ
29.	,,	കെ. എൻ. എ. ഖാദർ
30.	,,	കെ. കെ. നായർ
31.	,,	പി. കെ. കുഞ്ഞാലിക്കുട്ടി
32.	,,	ലൂഡി ലൂയിസ്
33.	,,	സി. മമ്മൂട്ടി
34.	,,	കെ. എം. മാണി
35.	,,	ഇ. ടി. മുഹമ്മദ് ബഷീർ
36.	,,	എ. കെ. മണി
37.	,,	എം. മുരളി

LIBRARY ARCHIVES Kerala Legislative Assembly

38. ശ്രീ. എഴുകോൺ നാരായണൻ
39. ,, കെ. കെ. ഷാജു
40. ,, കടവൂർ ശിവദാസൻ
41. ,, സ്റ്റീഫൻ ജോർജ്
42. ,, എ. സുജനപാൽ
43. ,, എൻ. സുന്ദരൻ നാടാർ
44. ,, സി. എഫ്. തോമസ്
45. ,, യു. സി. രാമൻ
46. ,, തമ്പാനൂർ രവി
47. ,, റോഷി അഗസ്റ്റിൻ
48. ,, ടി. പി. എം. സാഹിർ
49. ,, എൻ. ശക്തൻ
50. ,, വി. ഡി. സതീശൻ
51. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
52. ശ്രീ. പി. ടി. തോമസ്
53. ,, തോമസ് ഉണ്ണിയാടൻ
54. ,, കെ. സി. വേണുഗോപാൽ
55. ,, ബി. വിജയകുമാർ

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

മി. സ്പീക്കർ:

അനുകൂലിക്കുന്നവർ — 35

പ്രതികൂലിക്കുന്നവർ — 55

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

ഭേദഗതികൾ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള പ്രമേയം അംഗീകരിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly